# അമൃത വിശ്വവിദ്യാപീഠത്തിന് പരിസ്ഥിതിമിത്രം അവാർഡ്



സംസ്ഥാന സർക്കാരിന്റെ പരിസ്ഥിതിമിത്രം അവാർഡ് അമൃത വിശ്വവിദ്യാപീഠം അമൃതപുരി കാംപസ് അധികൃതർ മുഖ്യമന്ത്രിയിൽനിന്ന് ഏറ്റുവാങ്ങുന്നു

**അമൃതപുരി** ▸ സംസ്ഥാന സർക്കാരിന്റെ പരിസ്ഥിതിമിത്രം അവാർഡിന് അമൃത വിശ്വവിദ്യാപീഠം അമൃതപുരി കാംപസ് അർഹരായി. എൻവയോൺമെന്റൽ കൺസർവേഷൻ ഇൻസ്റ്റിറ്റ്യൂഷൻ വിഭാഗത്തിലെ മികച്ച പ്രകടനം കണക്കിലെടുത്താണ് പുരസ്കാരം.

ലോക പരിസ്ഥിതിദിനത്തിൽ തിരുവനന്തപുരത്ത് നടന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയനിൽ നിന്ന് അമൃത വിശ്വവിദ്യാപീഠം അമൃതപുരി കാംപസ് ഡയറക്ടർ ദേവിദാസ ചൈതന്യ, അമൃത സ്കൂൾ ഓഫ് എൻജിനിയറിങ് ഡീൻ ഡോ. ബാലകൃഷ്ണൻ ശങ്കർ, അസോസിയേറ്റ് ഡീൻ ഡോ. എസ്.എൻ. ജ്യോതി, അമൃത സസ്റ്റെയ്നബിൾ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് സെന്റർ വിഭാഗം മേധാവി രാഗേഷ്, വിഷ്ണു വിജയ്, എസ്. നിതിൻ എന്നിവർ ചേർന്ന് പുരസ്കാരം ഏറ്റുവാങ്ങി.

ഒരുലക്ഷം രൂപയും പ്രശസ്തിപത്രവും ഫലകവും ഉൾപ്പെടുന്നതാണ് പുരസ്കാരം. പരിസ്ഥിതി സംരക്ഷണമേഖലയിലെ മികച്ച സംഭാവനകൾ നൽകുന്ന സ്ഥാപനങ്ങൾക്കായി സംസ്ഥാനസർക്കാരും പരിസ്ഥിതി കാലാവസ്ഥാവ്യതിയാന ഡയറക്ടറേറ്റും ഏർപ്പെടുത്തിയിട്ടുള്ളതാണ് പരിസ്ഥിതിമിത്രം അവാർഡ്.

സംസ്ഥാന സർക്കാർ പരിസ്ഥിതി കാലാവസ്ഥാവ്യതിയാന ഡയറക്ടറേറ്റിന്റെയും യുണിസെഫിന്റെയും സഹകരണത്തോടെ സംഘടിപ്പിച്ച പരിപാടിയിൽ പരിസ്ഥിതി വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സീറാം സാംബശിവ റാവു, പരിസ്ഥിതി വകുപ്പ് ഡയറക്ടർ സുനിൽ പമിടി, മലിനീകരണ നിയന്ത്രണ ബോർഡ് ചെയർപേഴ്സൺ എസ്. ശ്രീകല എന്നിവർ പങ്കെടുത്തു.

സുസ്ഥിര മാലിന്യസംസ്കരണ രീതികൾ, കമ്പോസ്റ്റിങ്, റീസൈക്ലിങ്, സീറോ വെയ്സ്റ്റ് പദ്ധതികൾ തുടങ്ങിയ സംരംഭങ്ങളാണ് സർവകലാശാലയെ പുരസ്കാരത്തിന് അർഹമാക്കിയത്.